IDSFFK
11th INTERNATIONAL DOCUMENTARY & SHORT FILM FESTIVAL OF KERALA
20-24 JULY 2018 ▸ THIRUVANANTHAPURAM

MEDIA CELL | PRESS RELEASE | MEDIA CELL

22.07.2018

## മത്സര വിഭാഗത്തിൽ 16 ചിത്രങ്ങൾ
## ഇൻഷാ അള്ളാഹ് ഡെമോക്രസിയും
## ജയ് ഭീം കോമ്രേഡും ഇന്ന്

രാജ്യാന്തര ഹ്രസ്വചിത്ര മേളയുടെ നാലാം ദിനത്തിൽ 13 വിഭാഗങ്ങളിലായി 50 ചിത്രങ്ങൾ പ്രദർശിപ്പിക്കും. പാകിസ്ഥാൻ മുൻ പ്രസിഡന്റ് പർവേസ് മുഷാഫിന്റെ രാഷ്ട്രീയ ജീവിതം അടയാളപ്പെടുത്തിയ 'ഇൻഷാ അള്ളാഹ് ഡെമോക്രസി', ആനന്ദ് പട്‌വർദ്ധന്റെ 'ജയ് ഭീം കോമ്രേഡ്' എന്നിവയും ഇന്നത്തെ പ്രദർശനത്തിലുണ്ട്. ഭരണകൂടഭീകരത ചിത്രീകരിക്കുന്ന ഈ ചിത്രം നേരത്തെ വിവാദമായിരുന്നു.

ഒരു മനുഷ്യന്റെ കഴുതയോടൊപ്പമുള്ള മരുഭൂമി യാത്ര പ്രമേയമാക്കിയ ഡോങ്കി, ദി ഇഡിയറ്റ്സ്, ജി തുടങ്ങിയ ഏഴ് ചിത്രങ്ങളാണ് ഷോർട്ട് ഫിക്ഷൻ മത്സര വിഭാഗത്തിൽ പ്രദർശിപ്പിക്കുക. കോമ്പറ്റീഷൻ ഷോർട്ട് ഡോക്യുമെന്ററി വിഭാഗത്തിൽ മുംബൈ ഹസിൽ, പൊയറ്റ്സ് ഓഫ് ദ പാസ്റ്റ്, ദി നാഗ പ്രൈഡ് എന്നിവയടക്കം ഏഴ് ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

അമേരിക്കയിലെ ഒരു സ്കൂളിൽ നടന്ന വെടിവെയ്പ്പിനെ തുടർന്നുണ്ടായ സംഭവവികാസങ്ങളെ പ്രമേയമാക്കിയ ചിത്രം 'ദേക്ക്‌ലാബ് ഇലമെന്ററി'യാണ് രാജ്യാന്തര വിഭാഗത്തിലെ മറ്റൊരു ചിത്രം. ഫോക്കസ് അനിമേഷന്റെ പിസ്‌ഡ് ഓഫ്, സർവൈവൽ, അൺടോൾഡ്, അമ്മയ്ക്കായ് എന്നീ ചിത്രങ്ങളും ഇന്ന് പ്രദർശിപ്പിക്കും. ഇന്ദിരാ സെൻ സംവിധാനം ചെയ്ത കഥാർസിസ് ഹോമേജ് വിഭാഗത്തിലാണ് പ്രദർശിപ്പിക്കുക. കണ്ണൂരിലെ രാഷ്ട്രീയ സംഘട്ടനത്തെക്കുറിച്ചുള്ള ചിത്രം ഇന്ദിരാ സെന്നിന് ശ്രദ്ധാഞ്ജലിയായാണ് പ്രദർശിപ്പിക്കുന്നത്.

കഴിഞ്ഞ ദിവസം പ്രേക്ഷകപ്രീതി നേടിയ പേർഷ്യൻ ടെയിൽസ് വിഭാഗത്തിൽ എട്ട് ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്. ഇറാനിലെ ആഭ്യന്തര കലാപത്തിനിടെ സംഘർഷത്തിൽപ്പെട്ടുപോയ ഒരു സ്ത്രീയുടെ കഥപറയുന്ന ചിത്രം സോർമേഹ്, നോട്ട് യെറ്റ്, വിഷൻ തുടങ്ങിയവയാണ് ഈ വിഭാഗത്തിലുള്ളത്. തുടരും